“ഭരണഭാഷ മാതൃഭാഷ”

**നം.എച്ച്2/5594/2022/ഡി.ജി.ഇ.**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 09/12/2022.
e-mail : supdth.dge@kerala.gov.in

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
**തിരുവനന്തപുരം.**

1. **എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.**
2. **എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.**
3. **എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.**

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-തസ്തിക നിർണ്ണയം-2022-23-തസ്തിക നഷ്ടമായ അധ്യാപക അനധ്യാപക ജീവനക്കാരെ അധ്യാപക-വിദ്യാർത്ഥി- അനുപാതം കുറച്ച് നിലനിർത്തുന്നത് സംബന്ധിച്ച്.

സൂചന:-
1. 02.12.2022-ലെ സ.ഉ.(എം.എസ്) നം.220/2022/പൊ.വി.വ.
2. 23.07.2019-ലെ സ.ഉ.(എം.എസ്) നമ്പർ.95/2019/പൊ.വി.വ.
3. 20.06.1997-ലെ ജി.ഒ.(പി) നമ്പർ.219/97/പൊ.വി.വ.
4. 18.07.2017-ലെ സ.ഉ.(എം.എസ്)നമ്പർ.80/217/പൊ.വി.വ.
5. 10.07.2018-ലെ സ.ഉ.(സാധാ) നമ്പർ.2577/2018/പൊ.വി.വ.
6. 26.12.2016-ലെ സ.ഉ.(എം.എസ്)നമ്പർ.209/2016/പൊ.വി.വ.
7. 07.09.2017-ലെ സ.ഉ.(കൈ) നമ്പർ. 111/2017/പൊ.വി.വ.
8. 19.07.2018-ലെ സ.ഉ.(സാധാ) നമ്പർ.2726/2018/പൊ.വി.വ.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരമുള്ള അധ്യാപക/അനധ്യാപകർ തസ്തിക നഷ്ടമായി പുറത്താകുന്നത് ഒഴിവാക്കാനായി സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**<u>1:40 അനുപാതത്തിൽ അധ്യാപകരെ നിലനിർത്തൽ</u>**

1) ജില്ലയിലെ സർക്കാർ സ്കൂളുകളെ ഒരു യൂണിറ്റായി പരിഗണിച്ചാണ് 1:40 അനുപാതത്തിന്റെ ആനുകൂല്യം നൽകേണ്ടത്. ആയതിനാൽ സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ 2022-23 വർഷം തസ്തിക നഷ്ടമായ അധ്യാപകരെ നിലനിർത്താൻ ജില്ലയിലെ പ്രസ്തുത കാറ്റഗറിയിൽ ഒഴിവുകൾ ലഭ്യമല്ലെങ്കിൽ മാത്രമേ തസ്തിക നഷ്ടമായ ജീവനക്കാരെ 1:40 ആനുകൂല്യം നൽകി നിലനിർത്തേണ്ടതുള്ളൂ. ജില്ലയിൽ ഒഴിവുകൾ ഉണ്ടായിരിക്കുകയും അതിൽ തസ്തിക നഷ്ടമായവരെ ക്രമീകരിക്കാതെ, അവ ‘ഒഴിവുകളായി’ത്തന്നെ കണ്ട് പി.എസ്.സി.വഴിയും മറ്റും അതിൽ നിയമനം നടത്തുകയും, എന്നാൽ തസ്തിക നഷ്ടമായ അധ്യാപകർ പ്രസ്തുത തസ്തിക നഷ്ടമായ സ്കൂളുകളിലോ മറ്റ്

സ്കൂളുകളിലോ 1:40 അനുപാതത്തിൽ തുടരുകയും ചെയ്യുന്ന അവസ്ഥ വന്നാൽ സർക്കാർ ഖജനാവിന് അത് കനത്ത നഷ്ടമുണ്ടാക്കും. ആയതിനാൽ സർക്കാർ സ്കൂളുകളിൽ 1:40 ആനുകൂല്യം നൽകി തസ്തിക നിലനിർത്തേണ്ട സ്കൂളുകൾ ഏതെന്നും, എത്ര/ഏതെല്ലാം തസ്തികകൾ ഇപ്രകാരം അനുവദിക്കണമെന്നും വിദ്യാഭ്യാസ ഉപഡയറക്ടർമാർ കണ്ടെത്തേണ്ടതും ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസറെക്കൊണ്ട് അപ്രകാരം ആവശ്യമുള്ള സ്കൂളിന്റെ തസ്തികനിർണ്ണയ ഉത്തരവ് മാത്രം നവീകരിച്ചാൽ മതിയാകുന്നതുമാണ്.

2. സർക്കാർ സ്കൂളുകളിൽ 1:40 അനുപാതത്തിന്റെ ആനുകൂല്യം നൽകി നിലനിർത്തുന്ന അധ്യാപകരുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ കൃത്യമായി സൂക്ഷിക്കേണ്ടതും തുടർന്ന് ജില്ലയിലെ ആദ്യം വരുന്ന റഗുലർ ഒഴിവുകളിലേയ്ക്ക് അവരെ ക്രമീകരിക്കേണ്ടതുമാണ്. ഈ അധ്യാപകരെ പൂർണമായും റഗുലർ ഒഴിവുകളിലേയ്ക്ക് ക്രമീകരിച്ചതിനുശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ മാത്രമേ പി.എസ്.സി.വഴി (നിശ്ചിത ശതമാനം) നിയമനം നടത്താവൂ. 1:40 അനുപാതത്തിൽ തുടരുന്ന അധ്യാപകരുടെ ഒഴിവുകളിൽ സ്ഥിരമായോ താൽക്കാലികമായോ പകരം നിയമനം നടത്തരുത്. ഇക്കാര്യം സർക്കാർ സ്കൂൾ പ്രഥമാധ്യാപകരെ പ്രത്യേകം അറിയിക്കണം.

3. എയ്ഡഡ് സ്കൂളുകളിൽ 2022-23 വർഷം തസ്തിക നഷ്ടമായി പുറത്താകുന്ന നിയമനാംഗീകാരമുള്ള ഭാഷാധ്യാപകർ ഉൾപ്പെടെയുള്ള ഹൈസ്കൂൾ അസിസ്റ്റന്റുമാരെ 1:40 അനുപാതത്തിന്റെ ആനുകൂല്യം നൽകി നിലനിർത്താൻ കഴിയുമെങ്കിൽ, അപ്രകാരം നിലനിർത്തുന്നതിനായി ബന്ധപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയ ഉത്തരവുകൾ അപ്പലേറ്റ് ഉത്തരവ് കൂടാതെ നവീകരിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അനുമതി നൽകുന്നു. (മേൽ ഖണ്ഡിക 1 പ്രകാരം, ആവശ്യമുള്ള സർക്കാർ സ്കൂളുകളിലെ തസ്തിക നിർണ്ണയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശ പ്രകാരം പുതുക്കാവുന്നതാണ്).

4. സൂചന (5) ഉത്തരവിലെ ഖണ്ഡിക 2 ൽ "പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകരെ മാതൃസ്കൂളിലേക്ക് തിരികെ വിളിക്കുന്നതിനും 1:40 അനുപാതം ഉപയോഗിക്കാൻ'' സർക്കാർ അനുമതി നൽകിയിട്ടുള്ളതിനാൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ പുനർവിന്യസിക്കപ്പെട്ടിട്ടുള്ള ഏതു സംരക്ഷിത ജീവനക്കാരനെയും 1:40 അനുപാതത്തിൽ തസ്തിക ലഭ്യമാകുമെങ്കിൽ മാതൃ വിദ്യാലയത്തിലേക്ക് ഈ വർഷം തിരികെ വിളിക്കാവുന്നതാണ്.

5. ഇപ്രകാരം 1:40 അനുപാതത്തിൽ തസ്തിക അനുവദിച്ച് അധ്യാപകരെ നിലനിർത്തുമ്പോൾ സൂചന (4) ഉത്തരവിലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്. സംരക്ഷണത്തിന് അർഹതയുള്ള അധ്യാപകർക്കു മാത്രമല്ല, നിയമനാംഗീകാരമുള്ള ഹൈസ്കൂൾ അധ്യാപകർക്കെല്ലാം തസ്തിക

നഷ്ടമായാൽ 1:40 അനുപാതത്തിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. ഒന്നിലധികം സ്കൂളുകളുള്ള വ്യക്തിപരവും കോർപ്പറേറ്റും ആയ മാനേജ്മെന്റുകളിലെ സ്കൂളുകളിൽ നിന്ന് തസ്തിക നഷ്ടമാകുന്ന ജീവനക്കാരെ മാനേജ്മെന്റിലെ മറ്റു സ്കൂളുകളിലെ ഒഴിവുകളിൽ ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരിച്ചതിനുശേഷവും നിയമനാംഗീകാരമുള്ള അധ്യാപകർ/ അനധ്യാപകർ പുറത്താകുന്നുണ്ടെങ്കിൽ ആയതു സംബന്ധിച്ച് മാനേജർ സത്യപ്രസ്താവന ("തസ്തിക നഷ്ടമായ, നിയമനാംഗീകാരമുള്ള ജീവനക്കാരെനെ നിലനിർത്താൻ മാനേജുമെന്റിലെ മറ്റു സ്കൂളുകളിൽ ഒഴിവുകളൊന്നും ലഭ്യമല്ലെന്നും, പ്രസ്തുത കാറ്റഗറിയിൽ തസ്തിക നഷ്ടമായ ജീവനക്കാരനേക്കാൾ ജൂനിയറോ നിയമനാംഗീകാരമില്ലാത്തതോ ആയ ആരുംതന്നെ മാനേജ്മെന്റിലെ മറ്റു സ്കൂളുകളിൽ തുടരുന്നില്ലെന്നും, ഇപ്രകാരം നിലനിർത്തുന്ന ജീവനക്കാരനെ തുടർന്നുണ്ടാകുന്ന ആദ്യത്തെ റഗുലർ ഒഴിവിൽതന്നെ ക്രമീകരിക്കുമെന്നും" പ്രസ്താവിച്ചുകൊണ്ടുള്ള സത്യവാങ്മൂലം) സമർപ്പിക്കുമ്പോൾ മാനേജ്മെന്റിലെ സ്കൂളുകൾ ഒരു വിദ്യാഭ്യാസ ജില്ലയിൽ മാത്രമാണെങ്കിൽ പ്രസ്തുത ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അനുപാതം കുറച്ചുകൊണ്ടുള്ള ആനുകൂല്യത്തിന്റെ സാധുത പരിശോധിച്ച് അത് അനുവദിക്കാവുന്നതാണ്. സ്കൂളുകളെല്ലാം ഒരു റവന്യൂ ജില്ലയിലാണെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടെ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് തസ്തികനിർണയം പരിഷ്കരിക്കാവുന്നതാണ്. ഒന്നിലധികം റവന്യൂ ജില്ലകളിൽ സ്കൂളുകളുള്ള മാനേജ്മെന്റുകൾ സത്യപ്രസ്താവനയും അപേക്ഷയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഡയറക്ടറുടെ അനുമതിയോടെ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് തസ്തിക നിർണയം പരിഷ്കരിക്കാവുന്നതുമാണ്. മാനേജർ വിദ്യാഭ്യാസ ഓഫീസർക്ക്/ഡയറക്ടർക്ക് നൽകുന്ന അപേക്ഷയോടൊപ്പം മാനേജുമെന്റിലെ സ്കൂളുകളിൽ നിലവിൽ നിയമനാംഗീകാരമില്ലാതെ തുടരുന്ന അധ്യാപകരുടെ ലിസ്റ്റ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. മാനേജർ പ്രസ്തുത ലിസ്റ്റ് ഡിസംബർ 17-നകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ/ഉപഡയറക്ടർ/ഡയറക്ടർ എന്നിവർക്ക് യഥാക്രമം സമർപ്പി ക്കേണ്ടതാണ്.

7. തസ്തിക നഷ്ടമായ എയ്ഡഡ് ഹൈസ്കൂളുകളിലെ തസ്തിക നിർണയ ഉത്തരവുകൾ പുന:പരിശോധിച്ച് 1:40 അനുപാതത്തിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടെങ്കിൽ അതനുവദിച്ച് 2022-23 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പരിഷ്കരിക്കുന്നത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ 21.12.22-നകം പൂർത്തിയാകേണ്ടതാണ്. അധ്യാപക/വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതുവഴി ഡിവിഷൻ ലഭ്യമാകുന്ന സ്കൂളുകളിൽ പ്രസ്തുത ഡിവിഷന്റേയും, തസ്തികയുടേയും ഗുണം വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമാകുന്നതിനായി

ബന്ധപ്പെട്ട ക്ലാസ്സിൽ ഡിവിഷൻ തിരിക്കുകയും അതുപ്രകാരം ടൈംടേബിൾ ക്രമീകരിച്ച് അധ്യയനം നടത്തേണ്ടതുമാണ്. വിദ്യാഭ്യാസ ഓഫീസർമാർ ഇക്കാര്യം സ്കൂൾ സന്ദർശന വേളയിൽ പ്രത്യേകം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

**<u>ഭാഷാ, സ്പെഷ്യലിസ്റ്റ് അധ്യാപകരെയും അനധ്യാപകരെയും നിലനിർത്തൽ</u>**

8. സൂചന (6) ഉത്തരവ് പ്രകാരം അധ്യാപക-വിദ്യാർത്ഥി അനുപാതം/എണ്ണം കുറച്ചുകൊണ്ട് ഭാഷാധ്യാപകരെയും സൂചന (7) ലെ ഉത്തരവ് പ്രകാരം, സ്പെഷ്യലിസ്റ്റ് അധ്യാപകരേയും, സൂചന (8) ലെ ഉത്തരവ് പ്രകാരം അനധ്യാപകരേയും നിലനിർത്തുന്നതിന് മുൻവർഷം വരെ നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ അതേപടി 2022-23 വർഷത്തേക്കും, ബാധകമാക്കി സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ അധ്യാപക വിദ്യാർത്ഥി അനുപാതം/ എണ്ണം കുറച്ച് നിലനിർത്തുന്നതിന് ജില്ലയെ ഒരു യൂണിറ്റായി സർക്കാർ തലത്തിലും മാനേജ്മെന്റിനെ ഒരു യൂണിറ്റായി എയ്ഡഡ് മേഖലയിലും കണക്കാക്കേണ്ടതാണ്.
9. സമന്വയയിൽ നിലവിൽ ഇപ്രകാരം അനുപാതം/എണ്ണം കുറച്ച് തസ്തികകൾ അനുവദിക്കാൻ കഴിയില്ല. ആയതിനാൽ ഈ വർഷം 1:40 ഉൾപ്പെടെ അനുപാതം/എണ്ണം കുറച്ച് നിലനിർത്തുന്ന ജീവനക്കാർക്ക് പ്രത്യേകം തസ്തിക അനുവദിക്കേണ്ടതില്ല. ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള തസ്തികനിർണ്ണയ ഉത്തരവിന്റെ ഡിവിഷനുകളിലോ തസ്തിക അനുവദിച്ചു കൊണ്ടുള്ള ഭാഗങ്ങളിലോ യാതൊരുവിധ മാറ്റവും വരുത്താൻ കഴിയുന്നതല്ല. അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് അധ്യാപകരെ/ അനധ്യാപകരെ നില നിർത്തുന്നതിനായി സമന്വയയിൽ DEO ലോഗിനിൽ staff fixation മെനുവിലുള്ള Modidication എന്ന മെനു എടുത്ത് ഏത് സ്കൂളിന്റെ തസ്തി നിർണ്ണയ ഫയലാണോ മാറ്റം വരുത്തുന്നത്, ആ സ്കൂൾ സെലക്റ്റ് ചെയ്ത് മോഡിഫൈ എന്ന് സെലക്റ്റ് ചെയ്യേണ്ടതും ഫയൽ ബന്ധപ്പെട്ട സെക്ഷനിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്. സെക്ഷനിൽ ഈ സ്കൂളിന്റെ തസ്തിക നിർണ്ണയ ഫയൽ റീ-ഓപ്ഷൻ ആയി ലഭ്യമാകുന്നതാണ്. അവിടെ പുതുതായി ലഭ്യമാക്കുന്ന മോഡിഫിക്കേഷൻ എന്ന ടൈറ്റിലിൽ skip Modidication നൽകി പുതിയതായി ലഭ്യമാക്കുന്ന പ്രൊസീഡിങ്ങ്സ് ഡ്രാഫ്റ്റിൽ ഒരു നടപടിക്രമം തയ്യാറാക്കി ഓഫീസർ നടപടിക്രമം അംഗീകരിക്കേണ്ടതാണ്.
10. 1:40 അനുപാതത്തിൽ നിലനിർത്തുന്ന അധ്യാപകരിലും, അനുപാതം/എണ്ണം കുറച്ച് നിലനിർത്തുന്ന ഭാഷാ, സ്പെഷ്യലിസ്റ്റ് അധ്യാപകരിലും, അനധ്യാപകരിലും 29/01/2016 ലെ സർക്കാർ ഉത്തരവ് നമ്പർ 29/2016/പൊ.വി.വ പ്രകാരവും, സർക്കാർ ഉത്തരവ് നമ്പർ 08/2022/പൊ.വി.വ തീയതി, 14/07/2022 പ്രകാരവും സംരക്ഷണത്തിന് അർഹതയുള്ളവരെ നിർബന്ധമായും അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തണം. അധ്യാപക ബാങ്ക് പ്രസിദ്ധീകരിക്കുമ്പോൾ ഈ അധ്യാപകരെ

മാതൃവിദ്യാലയത്തിലേക്ക് പുനർ വിന്യസിച്ചതായി കാണിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരം ക്ലബ്ബിംഗ് ആവശ്യമെങ്കിൽ അത് നിലനിർത്താവുന്നതാണ്.

**അധ്യാപക/അനധ്യാപക ബാങ്ക്-2022-23**

11. 2022-23 വർഷത്തെ അധ്യാപക ബാങ്കിന്റെ സമന്വയ വഴിയുള്ള രൂപവത്കരണമാണ് തസ്തിക നിർണ്ണയത്തിന്റെ അടുത്ത പ്രധാന ജോലി, ഇതിനായി ജില്ലാ, ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെ ലോഗിനിൽ 'ടീച്ചേഴ്സ് ബാങ്ക്' എന്ന ഓപ്ഷൻ ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ ക്ലിക്ക് ചെയ്താൽ 'create list' എന്ന ഓപ്ഷൻ ലഭിക്കും. ഇതിൽ നിന്നുള്ള 'To be deployed' എന്ന ഓപ്ഷൻ സെലക്ട് ചെയ്ത് list create ചെയ്താൽ ജില്ലയിലെ/ഉപജില്ലയിലെ മുഴുവൻ അധിക അധ്യാപകരുടേയും പേരുവിവരങ്ങൾ കാണാൻ കഴിയും. ഇതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും (കോർപ്പറേറ്റ് മാനേജുമെന്റ്, തെറ്റായി ഉൾപ്പെടുത്തിയത്, സംരക്ഷണാനുകൂല്യമില്ലാത്തത് തുടങ്ങിയവയെല്ലാം ഒഴിവാക്കി) പുതിയവ കൂട്ടിച്ചേർത്തും (മാന്വൽ ആയി തസ്തിക നിർണ്ണയം ചെയ്ത സ്കൂളുകളിലെയും, വിട്ടുപോയതും മറ്റും) ലിസ്റ്റ് ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കൺഫേം ചെയ്യണം. ഇപ്രകാരം കൺഫേം ചെയ്തു കഴിഞ്ഞാൽ പ്രസ്തുത ലിസ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിക്കുന്നതാണ്. ഈ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് പുനർവിന്യാസത്തിന്റെ വിവരങ്ങൾ ചേർത്ത് (പുനർവിന്യസിച്ച സ്കൂൾ, ഒഴിവിന്റെ വിവരങ്ങൾ മുതലായവ) കൺഫേം ചെയ്താൽ ജില്ലയുടെ അധ്യാപക ബാങ്ക് 2022-23 പ്രസിദ്ധീകരണ യോഗ്യമാകും. ഈ അധ്യാപക ബാങ്ക് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഒരു നടപടി ഉത്തരവ് വഴി ഡിസംബർ-20 നകം തന്നെ പ്രസിദ്ധീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് നമ്പർ 29/2016/പൊ.വി.വ പ്രകാരവും, സർക്കാർ ഉത്തരവ് നമ്പർ 08/2022/പൊ.വി.വ തീയതി, 14/07/2022 പ്രകാരവും സംരക്ഷണത്തിന് അർഹതയുള്ള എല്ലാവരും തന്നെ ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

12. അധ്യാപക/വിദ്യാർത്ഥി അനുപാതം കുറച്ച് അധ്യാപകരെ നിലനിർത്തിയതിനു ശേഷവും ജില്ലയിൽ നിലനിർത്താൻ കഴിയാത്ത സംരക്ഷണത്തിന് അർഹതയുള്ള ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണവും, സംരക്ഷിത ജീവനക്കാരെ നൽകാൻ ഇല്ലാത്തത് കാരണമുള്ള ഒഴിവുകളുടെ കാറ്റഗറി തിരിച്ചുള്ള എണ്ണവും ഡിസംബർ-24 നകം ലഭ്യമാക്കേണ്ടതാണ്.

സൂചനയിൽ പരാമർശിച്ച ഉത്തരവുകൾ ഒന്നുംതന്നെ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും സമന്വയയിൽ അപ്‌ലോഡ് ചെയ്യേണ്ടതില്ല. എല്ലാ ഉത്തരവുകളും റിപ്പോസിറ്ററിയിൽ ലഭ്യമാണ്. തസ്തിക നിർണ്ണയം, പുനർവിന്യാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ആത്മാർത്ഥമായി

പ്രവർത്തിച്ച ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ മുഴുവൻ ജീവനക്കാരെയും സമന്വയ സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാരേയും ഹൃദയപൂർവ്വമുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

<u>പകർപ്പ്:-</u>

1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര.
2) എല്ലാ സമന്വയ നോഡൽ ഓഫീസർമാർക്കും.

*എ.എസ്.*